## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **18-01-2021 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വില്ലേജ്,താലൂക്ക് വിഭജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരുന്നത്. ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽ നിന്നും മാറ്റി അടുത്തുള്ള മറ്റ് താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവുമാണ്. ചില താലൂക്കുകളെ വിഭജിക്കേണ്ടതുണ്ട്. താലൂക്ക് പുന:സംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമേ ഇക്കാര്യങ്ങളെല്ലാം വ്യക്തമാവുകയുള്ളൂ. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചു വരികയാണ്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല എന്ന പരിഗണനയിൽ മലപ്പുറം ജില്ലയിൽ കൂടുതൽ താലൂക്കുകളും വില്ലേജുകളും അനുവദിക്കുമോ; | (ബി) | സംസ്ഥാനത്തെ ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരുന്നത്. ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽ നിന്നും മാറ്റി അടുത്തുള്ള മറ്റ് താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവുമാണ്. ചില താലൂക്കുകളെ വിഭജിക്കേണ്ടതുണ്ട്. താലൂക്ക് പുന:സംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമേ ഇക്കാര്യങ്ങളെല്ലാം വ്യക്തമാവുകയുള്ളൂ. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചു വരികയാണ്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ജില്ലാ ആസ്ഥാനമായ മലപ്പുറം കേന്ദ്രമായി പുതിയ താലൂക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സംസ്ഥാനത്തെ ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരുന്നത്. ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽ നിന്നും മാറ്റി അടുത്തുള്ള മറ്റ് താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് |

| | | | |
|---|---|---|---|
| | | | ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവുമാണ്. ചില താലൂക്കുകളെ വിഭജിക്കേണ്ടതുണ്ട്. താലൂക്ക് പുന:സംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമേ ഇക്കാര്യങ്ങളെല്ലാം വ്യക്തമാവുകയുള്ളൂ. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചു വരികയാണ്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ